(ഡി) സംസ്ഥാന സർക്കാർ നിരോധിച്ച പേപ്പർ, ഓൺലൈൻ ലോട്ടറികൾക്ക് ഏതെങ്കിലും ഉയർന്ന നീതിപീഠങ്ങൾ വിതരണാനുമതി നൽകിയിട്ടുണ്ടോ;

(ഇ) വിവിധ ഏജൻസികളുടേതായി വിൽക്കപ്പെടുന്ന ലോട്ടറി ടിക്കറ്റുകൾ വ്യാജമല്ലെന്നും നിയമവിധേയമാണെന്നും ഉറപ്പുവരുത്താനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) നിരോധിക്കപ്പെട്ട ലോട്ടറി ടിക്കറ്റുകൾ വിറ്റതിന് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ 9 കേസ്സുകളും കേരള ഹൈക്കോടതിയിൽ 4 കേസ്സുകളും നിലവിലുണ്ട്.

(ബി) കേരള ഭാഗ്യക്കുറി (നിയന്ത്രണ) നിയമം 2003-ലെ റൂൾ 24(3), 24(10) എന്നിവ ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) ഇല്ല

(ഡി) ഇല്ല

(ഇ) വിവിധ ഏജൻസികളുടേതായി വിൽക്കപ്പെടുന്ന ലോട്ടറി ടിക്കറ്റുകൾ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം സെക്ഷൻ 4-ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്നുള്ള പരിശോധനയിലൂടെ നിയമവിധേയമാണോയെന്ന് ഉറപ്പു വരുത്താവുന്നതാണ്. എന്നാൽ ഏറ്റവും പുതിയ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പരിമിതികളുണ്ട്.

(എഫ്) അനധികൃത ലോട്ടറി ടിക്കറ്റുകൾ വിറ്റതിന് 54 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം ലംഘിച്ചു കൊണ്ടുള്ള ലോട്ടറി ടിക്കറ്റ് വിൽപ്പന

31 [206] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽപ്പന നടത്തിവരുന്ന അന്യസംസ്ഥാന പേപ്പർ ലോട്ടറി ടിക്കറ്റുകൾ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം ലംഘിച്ചുകൊണ്ടാണ് നടത്തുന്നതെന്ന വസ്തുത സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെയും ഹൈക്കോടതിയെയും അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 16-12-2004-ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം വിൽപ്പന നികുതി അടച്ച അന്യസംസ്ഥാന പേപ്പർ ലോട്ടറി ടിക്കറ്റുകൾ സംസ്ഥാനത്ത് വിൽപ്പന നടത്താമെന്ന സാഹചര്യം എങ്ങനെ സംഭവിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇപ്രകാരം അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾക്ക് വിൽപ്പന നികുതി മാത്രം ഈടാക്കി അവ വിൽക്കാൻ അവസരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly